**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 285** **14-07-2022 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായിക മേഖലക്ക് ദിശാബോധം പകരുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | **കായിക മേഖലയ്ക്ക് ദിശാബോധം പകരുക എന്ന ലക്ഷ്യം വച്ച് കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്.**<br><br>**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.** |

സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കി 10 സെന്ററുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുമുണ്ട്.

ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി (3 വർഷത്തെ എ.എം.സി ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ ഏത് സ്ഥലത്താണ് ജിം സ്ഥാപിക്കേണ്ടത് എന്നതിനെക്കുറിച്ച് നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടൂറിസം വകുപ്പിൽ നിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കൂടാതെ തൃത്താല നിയോജകമണ്ഡലത്തിലെ തിരുമിറ്റക്കോട്, നാഗലശ്ശേരി, ചാലിശ്ശേരി, തൃത്താല എന്നീ പഞ്ചായത്തുകളിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി എം.എൽ.എ ഫണ്ട് മുഖേന 40,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. കായികരംഗത്തിന്റെ വികസനത്തിനായി കായികയുവജനകാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-Iആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ

കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. പ്രസ്തുത പദ്ധതിയിലേക്ക് അത്‌ലറ്റിക്, സൈക്ലിംഗ്,ബോക്സിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, കനോയിംഗ്, കയാക്കിംഗ്, റോവിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, ആർച്ചറി, ഷൂട്ടിംഗ് എന്നീ 11 കായികയിനങ്ങൾ തെരഞ്ഞെടുത്തിരുന്നു. ഈ കായികയിനങ്ങളിൽ നിന്നും ആർച്ചറി, ഷൂട്ടിംഗ്, എന്നിവ ഒഴികെ ബാക്കിയുള്ള 9 കായിക ഇനങ്ങൾ ആദ്യ ഘട്ടത്തിൽ ആരംഭിച്ചു. നിലവിൽ ആരംഭിച്ച 9 കായിക ഇനങ്ങളിൽ നിന്ന് ദേശീയ അന്തർദേശീയ നിലവാരമുള്ള 5 കായികയിനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിലെ ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലും, റോവിംഗ് ആലപ്പുഴ ജില്ലയിലും, ബാഡ്മിന്റൺ എറണാകുളം ജില്ലയിലും, ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം തുടർന്ന് വരുന്നു. ഓരോ കായികയിനത്തിലും 15 കായിക താരങ്ങൾ വീതമാണ് പരിശീലനം നടത്തി വരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔട്ട് നടത്തുന്നുണ്ട്.

<u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കായിക താരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ്

| | | | |
|---|---|---|---|
| | | | **അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നുമുണ്ട്.**<br><br>**ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പും അനുവദിച്ചുവരുന്നുണ്ട്. കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.**<br><br>**കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്.**<br><br>**കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിഗം പൂളുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി വരുന്നു.**<br><br>**സംസ്ഥാനത്തിന് പുതിയ കായിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.** |
| (ബി) | കായിക മേഖലയിൽ കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ചുകൊണ്ട് നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | **സംസ്ഥാനത്ത് കായിക ക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കിഫ്ബി കായികമേഖലയിലെ 37 പദ്ധതികൾക്കായി 749 കോടി രൂപയുടെ സാമ്പത്തികാനുമതിക്കാണ് നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ളത്. ടി പദ്ധതികളിൽ 104.52 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു കായിക മേഖലയുടെ ഉന്നമനത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ പുരോഗതിയും അവയുടെ വിശദാംശങ്ങളും അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |
| (സി) | കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനും | (സി) | **കായിക യുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചു കൊണ്ട് 'സ്പോർട്സ്** |

| | | | |
|---|---|---|---|
| | രൂപീകരിച്ചിട്ടുള്ള സ്പോർട്സ് കേരള ഫൗണ്ടേഷന്റെ പ്രവർത്തനം വ്യക്തമാക്കാമോ? | | **കേരള ഫൗണ്ടേഷൻ' എന്ന പൊതുമേഖല കമ്പനി 2021 ഒക്ടോബർ 01-ന് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1. സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ മാനേജ്മെൻറ് കമ്പനിയായി പ്രവർത്തിക്കുക.**<br><br>**2. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല.**<br><br>**3. കായിക യുവജനകാര്യാലയത്തിനു കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാദമി, തിരുവനന്തപുരം വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം, കായിക യുവജനകാര്യാലയത്തിനു കീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും.**<br><br>**4. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം.**<br><br>**5. സംസ്ഥാനത്തെ കായിക മേഖലയുടെ പരിപോഷണത്തിനായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറുകളുടെ രൂപകൽപ്പന, നിർവ്വഹണം, സ്ഥാപനം, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ഫിറ്റ്നസ് സെൻററുകൾ ഇവയുടെ നിർവ്വഹണം.**<br><br>**6. സംസ്ഥാനത്തെ കായിക മേഖലയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ ഫിറ്റ്നസ് സെൻററുകൾ എന്നിവയുടെ സ്വയം പര്യാപ്തതയോടെയുള്ള നടത്തിപ്പ്, പരിപാലനം ഒപ്പം കായിക താരങ്ങൾക്കും, പൊതു ജനങ്ങൾക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ.**<br><br>**7. കായിക മേഖലയിൽ ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക, എല്ലാ വിഭാഗത്തിലുള്ള കായിക താരങ്ങൾക്കും കായിക ക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.** |

8. സംസ്ഥാനത്തിന്റെ താഴെതട്ട് മുതലുള്ള കായിക വികസനം ശക്തിപ്പെടുത്തുന്നതിലേക്കായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളേയും കായിക തൽപ്പരരായ പൊതുജനങ്ങളേയും കണ്ടെത്തി അവർക്ക് വേണ്ട പരിശീലന സൗകര്യങ്ങൾ ഒരുക്കുകയും, പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക.

9. സംസ്ഥാനത്തിന്റെ കായിക മേഖലയുടെ വളർച്ചയ്ക്ക് വേണ്ടി പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ വിവിധ ഇനങ്ങളിലുള്ള കായിക മത്സരങ്ങൾ, പരിശീലന പരിപാടികൾ, എന്നിവ സംഘടിപ്പിക്കുകയും കായിക താരങ്ങൾക്കും ബന്ധപ്പെട്ട പരിശീലകർക്കും വിദഗ്ധ പരിശീലനവും മെഡിക്കൽ സഹായങ്ങളും, കായിക ഉപകരണങ്ങളും ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കുക.

സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിനുശേഷമുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിനുശേഷം ബഡ്ജറ്റ് വർക്കുകളിൽ 97.21 കോടി രൂപ അടങ്കൽ വരുന്ന 48 പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽനിന്നും 44.13 കോടി രൂപ അടങ്കൽവരുന്ന 40 പ്രവൃത്തികൾക്കും MLA-ADF സ്പോർട്സ് കൗൺസിൽ, ഇതര വകുപ്പുകൾ എന്നിവയുടെ 6.97 കോടിയോളം രൂപ അടങ്കൽ വരുന്ന 12 പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

102.84 കോടി രൂപ അടങ്കൽ വരുന്ന 77 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 76.64 കോടി രൂപ അടങ്കൽ വരുന്ന 77 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. 80.18 കോടി രൂപയുടെ 78 പ്രവൃത്തികൾ നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകൃതമായതിനു ശേഷം 2021 നവംബറിൽ കോഴിക്കോട് വച്ച് നടന്ന ദേശീയ വനിതാ ഫുട്ബോൾചാമ്പ്യൻഷിപ്പിനും, 2022 ഏപ്രിൽ മാസത്തിൽ മലപ്പുറത്ത് വച്ച് നടന്ന സന്തോഷ്ട്രോഫി ഫുട്ബോൾ ടൂർണമെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ടൂർണമെന്റുകൾ വിജകരമായി സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 48.5 കോടി രൂപ അടങ്കൽ തുകയിൽ കായിക വകുപ്പിന്റെ കീഴിൽ വകയിരുത്തിയിട്ടുള്ള 14 പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള ടോട്ടൽ സ്റ്റേഷൻ സർവ്വേ അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**നിലവിൽ കിഫ്ബി ഫണ്ടിൽ ചെയ്തുവരുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനവും ആയതിന്റെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് സാങ്കേതിക അനുമതികളും സാങ്കേതിക നിർദ്ദേശങ്ങളും നൽകുന്നതിനും ഈ പ്രവൃത്തികൾ സന്ദർശിച്ച് സാങ്കേതികമായ തടസ്സങ്ങളും ന്യൂനതകളും പരിശോധിക്കുന്നതിനും, ന്യൂനതകൾ കൂടാതെ എസ് പി വി ആയ കിറ്റ്കോ മുഖാന്തിരം സമയബന്ധിതമായി ടി പ്രവൃത്തികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കായിക സൗകര്യം എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. കൂടാതെ നിലവിൽ പൂർത്തീകരിച്ചിട്ടും പ്രവർത്തരഹിതമായി കിടക്കുന്ന സ്റ്റേഡിയങ്ങൾ ഏറ്റെടുത്ത് മെയിൻറനൻസ് നടത്തി ഏറ്റവും ഉചിതമായ രീതിയിൽ കായിക രംഗത്ത് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്. 2016-17 കാലഘട്ടത്തിൽ അനുമതി ലഭ്യമായിട്ടും മുൻപ് എസ്.പി.വി. ആയിരുന്ന കിറ്റ്കോയ്ക്ക് തുടങ്ങാൻ സാധിക്കാത്ത ഏകദേശം 500 കോടി രൂപ അടങ്കൽ തുക വരുന്ന 25 ഓളം പ്രവൃത്തികൾ കിഫ്ബി സാമ്പത്തിക സഹായത്തോടുകൂടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും കിഫ്ബി പദ്ധതിയിൽ പൂർത്തീകരിക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ മാനേജ്മെൻറ്/ മെയിൻറനൻസും പ്രസ്തുത കമ്പനി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

| Sl. No. | Main Project Name | Sub Project Name | Project Outlay (Rs. In Crore) | SPV Name | District | Work Status |
|---|---|---|---|---|---|---|
| 1 | Multipurpose Indoor Stadia in 14 districts | I.M.Vijayan Indoor Stadium and Sports Complex at Thrissur (Laloor) | ₹ 56.01 | KITCO | Thrissur | Work in Progress |
| 2 | Multipurpose Indoor Stadia in 14 districts | Wayanad C.K. Omkaranadhan Indoor Stadium | ₹ 38.43 | KITCO | Wayanad | Work in progress |
| 3 | Multipurpose Indoor Stadia in 14 districts | Jimmy George Indoor Stadium and Sports Complex at Kannur(Mundayad) | ₹ 41.02 | KITCO | Kannur | KIIFB Approved |
| 4 | 25 Stadia | Kannur Jawahar Stadium | ₹ 10.64 | KITCO | Kannur | KIIFB Approved |
| 5 | 25 Stadia | Chittoor Govt. College Sports Complex | ₹ 5.54 | KITCO | Palakkad | Work in progress |
| 6 | 25 Stadia | Adoor Municipal Stadium | ₹ 9.69 | KITCO | Pathanamthitta | KIIFB Approved |
| 7 | 25 Stadia | Nilambur Mini Stadium | ₹ 18.30 | KITCO | Malappuram | Work in progress |
| 8 | 25 Stadia | Wayanad District Stadium | ₹ 18.67 | KITCO | Wayanad | Work Completed |
| 9 | 25 Stadia | Neeleswaram EMS Stadium | ₹ 17.04 | KITCO | Kasaragod | Work Completed |
| 10 | 25 Stadia | Volleyball Academy ,Naduvannoor | ₹ 9.90 | KITCO | Kozhikode | Work in progress |
| 11 | 25 Stadia | Construction of mini Stadium Ayamanam Grama Panchayath, Kottayam (4.97 Cr) | ₹ 4.97 | KITCO | Alappuzha , Kottayam | Work in progress |

| | | | | | | |
|---|---|---|---|---|---|---|
| 12 | To retain the rowing track built at Alappuzha for National Games and for constructing Hostel for rowing trainees | To retain the rowing track built at Alappuzha for National Games and for constructing Hostel for rowing trainees | ₹ 8.00 | KITCO | Alappuzha | KIIFB Approved |
| 13 | 25 Stadia | Preethikulangara School Stadium (5.75 Cr) (Alappuzha) & EMS Stadium Alappuzha (8.62 Cr) (Ambalappuzha) | ₹ 14.37 | KITCO | Alappuzha | 1.Work in progress 2.KIIFB Approved |
| 14 | Multipurpose Indoor Stadia in 14 districts | Thomas Sebastian Indoor Stadium Edava, Thiruvanathapuram | ₹ 34.26 | KITCO | Thiruvana nthapura m | Work in progress |
| 15 | 25 Stadia | 1.Edappal GHSS Mini Stadium Complex Malappuram( 6.82Cr) 2. Natural Football Turf & 8 lane synthetic track at Chathanur High School Thrithala, Palakkad (8.87Cr) | ₹ 15.69 | KITCO | Malappura m, Palakkad | 1.Work Complete d 2.Work Complete d |
| 16 | Construction of 6 new stadia | Ponnani Theeram Indoor & Aquatic Sports Complex and Childrens Sports Park Eswaramanagalam, Ponnani, Malappuram | ₹ 18.01 | KITCO | Malappura m | KIIFB Approved |
| 17 | Construction of 6 new stadia | Kodumon Grama Panchayath EMS Stadium Pathanamthitta | ₹ 14.10 | KITCO | Pathanamt hitta | Work Complete d |
| 18 | Construction of 6 new stadia | V R Krishna Iyer Muncipal Stadium Thalassery | ₹ 13.05 | KITCO | Kannur | Work Complete d |
| 19 | Construction of 6 new stadia | Tanur Stadium Complex Kattilangadi GHSS, Malappuram | ₹ 10.07 | KITCO | Malappura m | Work in progress |

| | | | | | | |
|---|---|---|---|---|---|---|
| 20 | 25 Stadia | CONSTRUCTION OF INDOOR STADIUM AT SREE NEELAKANTA GOVT. SANSKRIT COLLEGE, PATTAMBI | ₹ 8.34 | KITCO | Palakkad | KIIFB Approved |
| 21 | 25 Stadia | THE DEVELOPMENT OF ABU CHATHUKUTTY STADIUM AT DHARMADOM (5.49) and STADIUM AT KOOTHUPARAMBA, KANNUR (5.34) | ₹ 10.83 | KITCO | Kannur | 1.Work in progress 2.Work Completed |
| 22 | 10 Panchayath stadiums in Budget 2017-18 | Sports projects at Parali(6.93), Sports Project at Meppayyur(6.446) Sports Project at Punalur (5.63) | ₹ 19.02 | KITCO | Palakkad, Kozhikode, Kollam | 1.Work completed 2.Work in progress 3.Work in progresss |
| 23 | Multipurpose Indoor Stadia in 14 districts | Construction of M.R.C Krishnan Memorial Indoor stadium at Thrikkarippur | ₹ 31.54 | KITCO | Kasaragod | Work in progress |
| 24 | 25 Stadia | Chalakudy Municipal Stadium | ₹ 9.58 | KITCO | Thrissur | Work Completed |
| 25 | 25 Stadia | Construction of Nedumkandam Gra ma Panchayath Stadium | ₹ 9.40 | KITCO | Idukki | Work in progress |
| 26 | 25 Stadia | Construction of Sports facilities at Mattannur (4.12), Padiyur (4.932) and Thiruvambady (6.113) | ₹ 15.16 | KITCO | Kannur, Kozhikode | 1.Work Completed 2,3 Work in progress |
| 27 | Multipurpose Indoor Stadia in 14 districts | Construction of District stadium Alapuzha at Chengannur | ₹ 41.47 | KITCO | Alappuzha | Work in progress |
| 28 | 10 Mini Stadiums in 2017-18 Budget | Construction of Football Stadium (6.267 Cr) and Muncipal Stadium at | ₹ 14.84 | KITCO | Kannur | Work in progress |

| | | | | | | |
|---|---|---|---|---|---|---|
| | | Payyannur (6.885) - Kannur | | | | |
| 29 | 10 Panchayath stadiums in Budget 2017-18 | Construction of Vadakara Indoor stadium & Sreenarayana Nagaram Indoor stadium | ₹ 16.29 | KITCO | Kozhikode | Work in progress |
| 30 | 10 Panchayath stadiums in Budget 2017-18 | Construction of Municipal Stadium at Tirur | ₹ 7.05 | KITCO | Malappuram | KIIFB Approved |
| 31 | 10 Panchayath stadiums in Budget 2017-18 | Construction Of Indoor Stadium at G.G.V.H.S.S, Feroke | ₹ 6.71 | KITCO | Kozhikode | KIIFB Approved |
| 32 | GV Raja Sports School, Kannur Sports division, Sri Ayyankali memorial sports school | Construction of sports Facility Centre at G V Raja Centre of Excellence, Menamkulam | ₹ 56.19 | KITCO | Thiruvananthapuram | Work Tendered |
| 33 | Multipurpose Indoor Stadia in 14 districts | Construction of Olympian Chandrasekharan Indoor Stadium at Muvattupuzha, Ernakulam | ₹ 32.55 | KITCO | Ernakulam | Work Tendered |
| 34 | Multipurpose Indoor Stadia in 14 districts | K.P Thomas Indoor Stadium at Nedumkandom, Idukki | ₹ 33.78 | KITCO | Idukki | Work in progress |
| 35 | Multipurpose Indoor Stadia in 14 districts | Construction of Olympian Suresh Babu Indoor Stadium at Kollam | ₹ 42.72 | KITCO | Kollam | Work in progress |
| 36 | Construction of 6 new stadia | Construction of Stadium at Chelad ,Kothamangalam, Ernakulam | ₹ 17.15 | KITCO | Ernakulam | KIIFB Approved |
| 37 | 25 Stadia | Palakkad Indoor Stadium | ₹ 10.81 | KITCO | Palakkad | KIIFB Approved |

കായിക മേഖലയിലെ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പദ്ധതികൾ:

| Sl. No. | Main Project Name | Sub Project Name | Project Outlay (Rs. In Crore) | SPV Name | District | Work Status |
|---|---|---|---|---|---|---|
| 1 | 25 Stadia | Wayanad District Stadium | ₹ 18.67 | KITCO | Wayanad | Work Completed |
| 2 | 25 Stadia | Neeleswaram EMS Stadium | ₹ 17.04 | KITCO | Kasaragod | Work Completed |
| 3 | 25 Stadia | 1.Edappal GHSS Mini Stadium Complex Malappuram(6.82Cr) 2. Natural Football Turf & 8 lane synthetic track at Chathanur High School Thrithala, Palakkad (8.87Cr) | ₹ 15.69 | KITCO | Malappuram, Palakkad | Work Completed |
| 4 | Construction of 6 new stadia | Kodumon Grama Panchayath EMS Stadium Pathanamthitta | ₹ 14.10 | KITCO | Pathanamthitta | Work Completed |
| 5 | Construction of 6 new stadia | V R Krishna Iyer Muncipal Stadium Thalassery | ₹ 13.05 | KITCO | Kannur | Work Completed |
| 6 | 25 Stadia | Stadium At Koothuparamba, Kannur | ₹ 5.34 | KITCO | Kannur | Work Completed |
| 7 | 10 Panchayath stadiums in Budget 2017-18 | Sports projects at Parali | ₹ 6.93 | KITCO | Palakkad | Work completed |
| 8 | 25 Stadia | Chalakudy Municipal Stadium | ₹ 9.58 | KITCO | Thrissur | Work Completed |
| 9 | 25 Stadia | Construction of Sports facilities at Mattannur (4.12), | ₹ 4.12 | KITCO | Kannur | Work Completed |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

**1.ഗോൾ**

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. സംസ്ഥാനത്ത് 25 കുട്ടികൾക്ക് വീതം 33 സെൻററുകളിലായി പരിശീലനം നടന്നു വരുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കിക്കോഫ് പദ്ധതി സംയോജിപ്പിച്ച് ഗോൾ എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. വൺ മില്ല്യൺ ഗോൾ ക്യാമ്പയനിലൂടെ പരമാവധി പ്രചരണം നൽകി അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധമായ തെരെഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഗോൾ എന്ന പദ്ധതിയുടെ ഭാഗമാക്കി സുദീർഘമായ ഫുട്ബോൾ പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നുണ്ട്. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർത്തിവെച്ചിരുന്ന പരിശീലന പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരുന്നു.

**2.ഹൂപ്സ്**

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെൻററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വെച്ച് നടത്തപ്പെട്ടു. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിൻറെ ഭാഗമായി സർക്കാർ നിർദേശത്തിൻറെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർത്തിവെച്ചിരുന്ന പരിശീലന പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**3.സ്പ്രിൻറ്**

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ, ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിൻറെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിൻറ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെൻററുകളിലാണ് പദ്ധതി നടപ്പിലാക്കുക. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടപ്പ് സാമ്പത്തിക വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

**4.ഹെൽത്തി കിഡ്സ്.**

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിൻറെയും എസ്.സി.ഇ.ആർ.റ്റി യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി കായികയുവജനകാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കായികയുവജന കാര്യാലയത്തിന് കീഴിൽ രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതു മേഖല സ്ഥാപനം മുഖേന ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കുന്നതിന് 24.11.2021 ലെ ജി.ഓ(ആർ.റ്റി) നം 251/2021/എസ്&വൈ.എ പ്രകാരം 2,07,65,480/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ നിർവ്വഹണത്തിനും ഏകോപനത്തിനുമായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അടുത്ത ഘട്ടമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും കുറഞ്ഞത് ഒരു സ്കൂളിലെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൻറെ സഹകരണവും സർക്കാരിൽ നിന്നും അധികമായി തുകയും ആവശ്യമാണ്. പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**5. ജൂഡോക്ക**

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത് . എട്ട് മുതൽ പതിനൊന്ന് വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരുന്നു.

**6.പഞ്ച്**

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിങ് കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനും പ്രതിഭാ വികസന ഘടനയെ താഴെത്തട്ടിൽ ശക്തിപ്പെടുത്തുന്നതിനായി, ബോക്സിംഗിനായി ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി പഞ്ച് എന്ന പേരിൽ കേരളത്തിലുടനീളമുള്ള 5 കേന്ദ്രങ്ങളിൽ ആരംഭിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ബോക്സിങ്ങിനെക്കുറിച്ചുള്ള അറിവും മൂല്യങ്ങളും കേരളത്തിലുടനീളം പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരുന്നു.

**7.കേരള ഷൂട്ടിംഗ് അക്കാദമി**

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3 ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർത്തിവെച്ചിരുന്ന പരിശീലന പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരുന്നു.

**8. സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി**

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായിപ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ ഫുട്ബോൾ അക്കാഡമികൾ ആരംഭിച്ചിട്ടുണ്ട്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉള്ളത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നൽകുന്നത്. ഗോൾ പരിശീലന പദ്ധതിയിലെ മികച്ച കുട്ടികളെ അക്കാഡമിയിൽ ഉൾപ്പെടുത്തുന്നതാണ്.

**9. മസിൽ ബയോപ്സി ടെക്നിക്**

മസിൽ ബയോപ്സി ടെക്നിക് ഉപയോഗിച്ച് യുവ കായികതാരങ്ങളെ സ്ക്രീനിംഗ് ചെയ്യുന്നതിനും തരംതിരിക്കുന്നതിനുമാണ് ഈ പദ്ധതി. 02/09/2019 ന് സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് 19 കാരണം പദ്ധതി നിർത്തിവച്ചിരുന്നു. ഇപ്പോൾ പദ്ധതി നടത്തിപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**10. സ്പോർട്സ് ഹാക്കത്തോൺ & ഇന്നൊവേഷൻ സോൺ**

കായികരംഗത്തെ വികസനത്തിനായി കായികതാരങ്ങളെയും സ്പോർട്സ് ലീഗുകളെയും കമ്പനികളെയും ഒരുമിച്ച് കൊണ്ടുവരുന്നതിന് പ്രശസ്തമായ കോളേജുകളിലും സ്ഥാപനങ്ങളിലും സ്പോർട്സ് ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യമാകുന്നത്. 18-05-2022-ന് ഭരണാനുമതി ലഭിച്ചു. പദ്ധതി നടത്തിപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**11. ജിയോ ടാഗിംഗ്**

കേരളത്തിലെ എല്ലാ കായിക അടിസ്ഥാന സൗകര്യങ്ങളും ടാഗ് ചെയ്യുന്നതിനായി ഒരു പുതിയ വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും ആരംഭിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ കായിക അടിസ്ഥാന സൗകര്യങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഫോട്ടോകളും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ഈ വെബ്സൈറ്റിൽ കാണാൻ കഴിയും. 26-05-2022-ന് പദ്ധതിക്ക് ഭരണാനുമതി ലഭിച്ചു. പദ്ധതി നടത്തിപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**12. സ്പോർട്സ് മെഡിസിൻ സെൻററുകൾ**

കേരളത്തിലെ കായിക താരങ്ങൾക്ക് മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ പുതിയ സ്പോർട്സ് മെഡിസിൻ സെൻററുകൾ ആരംഭിക്കുന്നതിന് 22-01-2020-ന് സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചു. എന്നാൽ കോവിഡ് 19 കാരണം പദ്ധതി നിർത്തിവച്ചിരുന്നു. പദ്ധതി നടത്തിപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**13. കായികവികസനനിധി**

സ്കൂളുകൾ, സ്പോർട്സ് ക്ലബ്ബുകൾ എന്നിവയ്ക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കളിസ്ഥലം നവീകരിക്കുന്നതിനും കായികഉപകരണങ്ങൾ വാങ്ങുന്നതിനും കായികമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ കായികവികസനനിധിയിൽ നിന്നും ധനസഹായം നൽകിവരുന്നു.

**14. സ്പോർട്സ് സ്കൂളുകൾ**

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങൾ 2017ൽ കായികവകുപ്പ് ഏറ്റെടുത്തതിനു ശേഷം ഇവയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി കളിസ്ഥലസൗകര്യങ്ങൾ, കായികഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്കൂളുകളിലും ഹോസ്റ്റലുകളിലും ആവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

## 15. കളരിപ്പയറ്റിൻറെ പ്രോൽസാഹനം

കളരിപ്പയറ്റിനെ ലോകനിലവാരത്തിലുള്ള ഒരു കായിക ഇനമാക്കുന്നതിന് നടത്തിവരുന്ന ശ്രമങ്ങളുടെ ഭാഗമായി കളരിപ്പയറ്റിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്ക് 24.11.2021ലെ സ.ഉ(ആർ.റ്റി) 254/2021/കായുവ പ്രകാരം 7.15 ലക്ഷത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 16. യംഗ് കേരള ഇൻറേൺഷിപ്പ് പരിപാടി

ജില്ലഭരണകൂടത്തിന് യുവ
യുവജനങ്ങളിൽ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കുവാനും
വിദ്യാർത്ഥികളുടെയും പ്രഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനുമായി ലക്ഷ്യമിട്ട്
കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് യംഗ് കേരള
ഇൻറേൺഷിപ്പ് പരിപാടി. പദ്ധതി നടപ്പിലാക്കുന്നതിനായി കേരള യൂത്ത് ലീഡർഷിപ്പ്
അക്കാദമിയുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും പ്രാഥമിക പ്രവർത്തനങ്ങൾക്കായി നിർവ്വഹണ
ഏജൻസിയായ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്ക് 17,50,000/-രൂപ കഴിഞ്ഞ
സാമ്പത്തികവർഷത്തിൽ അനുവദിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ